നവകേരളം വാർത്ത
ന്യൂസ്‌ലെറ്റർ
2024 മാർച്ച് വാല്യം 2
ഓൺലൈൻ വായനയ്ക്ക്
31

നവ കേരളം കർമപദ്ധതി

# കേരള പൊതുജനാരോഗ്യ നിയമം: സംസ്ഥാനതല സമിതിയുടെ ആദ്യ യോഗം ചേർന്നു

പകർച്ചവ്യാധി പ്രതിരോധത്തിന് വിവിധ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനം അനിവാര്യമാണെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. നിലവിലുള്ള നിയമങ്ങളെ ഏകീകരിച്ചും ക്രോഡീകരിച്ചും പൊതുജനാരോഗ്യ രംഗത്തെ വെല്ലുവിളികൾ കണക്കിലെടുത്ത് കാലികമായ മാറ്റങ്ങൾ വരുത്തിയുമാണ് പൊതുജനാരോഗ്യ നിയമം യഥാർത്ഥ്യമാക്കിയത്. ഏകാരോഗ്യത്തിന് പ്രാധാന്യം നൽകി പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ടുള്ള സമഗ്രമായ കാര്യങ്ങളാണ് പൊതുജനാരോഗ്യ നിയമത്തിലുള്ളത്. അതത് പ്രദേശത്തെ പകർച്ചവ്യാധികൾ കൃത്യമായി വിലയിരുത്തുകയും പ്രതിരോധ നടപടി സ്വീകരിക്കേണ്ടതുമാണ്. മഴക്കാലം മുന്നിൽ കണ്ട് ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയ പകർച്ചവ്യാധികൾക്കെതിരെ ശക്തമായ പ്രതിരോധ നടപടികൾ സ്വീകരിക്കണം. മഴക്കാല പൂർവ ശുചീകരണത്തിനും പ്രാധാന്യം നൽകണമെന്ന് മന്ത്രി നിർദേശം നൽകി.

കേരള പൊതുജനാരോഗ്യ നിയമത്തിന്റെ വിജ്ഞാപനം ഇറങ്ങിയതിന് ശേഷമുള്ള സംസ്ഥാനതല സമിതിയുടെ ആദ്യ യോഗം മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്നു. ആരോഗ്യവകുപ്പ് മന്ത്രി അധ്യക്ഷയായ സംസ്ഥാന സമിതിയിൽ ആരോഗ്യ വകുപ്പ് സെക്രട്ടറി ഉപാധ്യക്ഷനും ആരോഗ്യ വകുപ്പ് ഡയറക്ടർ മെമ്പർ സെക്രട്ടറിയുമാണ്. തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ, ഭക്ഷ്യസുരക്ഷാ വകുപ്പ് കമ്മീഷണർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, ഫിഷറീസ് വകുപ്പ് ഡയറക്ടർ, ക്ഷീരവികസന വകുപ്പ് ഡയറക്ടർ എന്നിവർ അംഗങ്ങളുമാണ്.

# ആരോഗ്യമേഖലയിൽ ഗവേഷണ പോളിസി രൂപീകരിക്കും

സംസ്ഥാനത്ത് ആരോഗ്യമേഖലയിലെ ഗവേഷണവുമായി ബന്ധപ്പെട്ട് ഗവേഷണ പോളിസി രൂപീകരിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഗവേഷണത്തിന് അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും വേഗത്തിൽ അനുമതി ലഭ്യമാക്കുന്നതിനുമായി മുഖ്യമന്ത്രിയുടെ നിർദേശ പ്രകാരമാണ് ഗവേഷണ നയം രൂപീകരിക്കുന്നത്.




ഗവേഷണ രംഗത്ത് ഏറെ സഹായകരമായ ഗവേഷണ പോളിസി എത്രയും വേഗം നടപ്പിലാക്കുമെന്നും മന്ത്രി പറഞ്ഞു. കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയുടെ സ്‌കൂൾ ഓഫ് പബ്ലിക് ഹെൽത്തിന്റെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

മെഡിക്കൽ വിദ്യാഭ്യാസ മേഖല ശക്തിപ്പെടുത്തുന്നതിന് വലിയ പ്രാധാന്യം നൽകിയാണ് സർക്കാർ മുന്നോട്ട് പോകുന്നത്. രണ്ട് മെഡിക്കൽ കോളേജുകൾ യാഥാർത്ഥ്യമാക്കി. നഴ്‌സിംഗ് മേഖലയിൽ 7 സർക്കാർ നഴ്‌സിംഗ് കോളേജുകൾ ആരംഭിച്ചു. കൂടാതെ സിമെറ്റിന്റെ കീഴിലും സീപാസിന്റെ കീഴിലും നഴ്‌സിംഗ് കോളേജുകൾ ആരംഭിച്ചു. 2500 ഓളം നഴ്‌സിംഗ് സീറ്റുകൾ ഈ രണ്ട് വർഷക്കാലത്തിനുള്ളിൽ പുതുതായി അനുവദിച്ചു. പിജി സീറ്റുകൾ കൂടുതൽ ലഭ്യമാക്കാൻ പരിശ്രമിച്ചു. അടുത്തിടെ 270 ഡോക്ടർമാരെ ഒരുമിച്ച് നിയമിച്ചു.

# തൃശൂരിൽ മില്ലറ്റ് വിത്ത് വിതരണം

ആരോഗ്യ പരിപാലനരംഗത്ത് ചെറുധാന്യങ്ങൾ (Millets) ക്കുള്ള പ്രസക്തി ജനങ്ങളിൽ എത്തിക്കുന്നതിന്, ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ, സംസ്ഥാന മില്ലറ്റ് മിഷന്റെ സഹകരണത്തോടെ കർഷകർക്കുള്ള വിത്ത് വിതരണ ഉദ്ഘാടനം മന്ത്രി കെ. രാജൻ നിർവഹിച്ചു. തൃശൂർ ജില്ലയിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ വിദ്യാലയങ്ങളിലും, സ്ഥാപനങ്ങളിലും നടത്തിയ ഹരിത പദവി വിലയിരുത്തലിൽ A, A+ ഗ്രേഡുകൾ നേടിയിട്ടുള്ള സ്ഥാപനങ്ങൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും നടന്നു. 100% വാതിൽപ്പടി ശേഖരണം നടത്തിയ ഹരിത കർമസേനകൾക്ക് മാതൃകാപരമായ പിന്തുണ നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും, ജനപ്രതിനിധികളെയും ആദരിച്ചു.



# കൊല്ലം മുട്ടറ സർക്കാർ സ്കൂളിൽ രണ്ട് കെട്ടിടങ്ങളുടെ നിർമ്മാണം ആരംഭിച്ചു

കൊല്ലം മുട്ടറ സർക്കാർ സ്കൂളിൽ 6.75 കോടി രൂപ ചിലവിൽ നിർമ്മിക്കുന്ന രണ്ട് കെട്ടിടങ്ങളുടെ നിർമ്മാണ ഉദ്ഘാടനം മന്ത്രി കെ.എൻ. ബാലഗോപാൽ നിർവഹിച്ചു. മികച്ച വിദ്യാഭ്യാസത്തിന് സാഹചര്യമൊരുക്കി മനുഷ്യ മൂലധനം നാടിന്റെ വികസനത്തിന് പ്രയോജനപ്പെടുത്തുകയാണ് സംസ്ഥാന



സർക്കാരെന്നും വിദ്യാഭ്യാസ മേഖലയിൽ ചെലവഴിക്കുന്ന തുകയെല്ലാം നാളേക്കുള്ള സമ്പാദ്യമാണെന്നും മന്ത്രി പറഞ്ഞു. നൈപുണ്യ വികസനത്തിലൂടെ പുതുതലമുറ തൊഴിലുകളിലേക്ക് വഴി തുറക്കുകയാണ്. എന്തൊക്കെ തടസ്സങ്ങൾ ഉണ്ടെങ്കിലും വിദ്യാഭ്യാസത്തിന് കൈത്താങ്ങായി സർക്കാർ ഉണ്ടാകുമെന്നും മന്ത്രി പറഞ്ഞു.

# മാപത്തോൺ

## 10133 നീർച്ചാലുകൾ അടയാളപ്പെടുത്തി, 406 കി.മീ. വീണ്ടെടുത്തു.

### മാപത്തോണിൽ പങ്കെടുത്തവരെ അനുമോദിച്ചു.

പശ്ചിമഘട്ട പ്രദേശത്തെ 230 ഗ്രാമപഞ്ചായത്തുകളിലായി 10133 നീർച്ചാലുകൾ മാപത്തോൺ പ്രവർത്തനങ്ങളിലൂടെ അടയാളപ്പെടുത്തിയതായി നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ. ഇതിൽ 406.14 കി.മീ. ദൂരം നീർച്ചാലുകൾ വീണ്ടെടുത്തു. നൂറിലേറെ പേർ ഒരുവർഷത്തോളമെടുത്ത് ശ്രമകരമായാണ് മാപത്തോൺ നടത്തിയത്. നീർച്ചാൽ അടിസ്ഥാനമാക്കിയുള്ള ഭാവി ആസൂത്രണത്തിന് കൃത്യമായ അടിത്തറയൊരുക്കാനും മാപത്തോൺ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞതായി ഡോ. ടി.എൻ.സീമ അഭിപ്രായപ്പെട്ടു. പശ്ചിമഘട്ട പ്രദേശങ്ങളിലെ നീർച്ചാലുകളെ സാങ്കേതികത്വം, ശാസ്ത്രീയത, കൃത്യത എന്നിവ ഉറപ്പാക്കി അടയാളപ്പെടുത്താൻ സുരക്ഷിതമാക്കാം പശ്ചിമഘട്ടം കാമ്പയിന്റെ ഭാഗമായി സംഘടിപ്പിച്ച നീർച്ചാൽ മാപിംഗിനു കഴിഞ്ഞു. സംസ്ഥാനത്ത് നീർച്ചാൽ മാപിംഗിനായി മാപത്തോൺ പ്രവർത്തനങ്ങൾ നടത്തിയ ഹരിതകേരളം മിഷനിലെ റിസോഴ്സ് പേഴ്സൺമാർ, ഇന്റേൺസ്, യംഗ് പ്രൊഫഷണലുകൾ എന്നിവർക്ക് അനുമോദനം അർപ്പിക്കാനും മാപത്തോൺ തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായി തിരുവനന്തപുരത്ത് സംഘടിപ്പിച്ച ചടങ്ങിൽ സംസാരിക്കുകയായിരുന്നു ഡോ. ടി.എൻ. സീമ.



2018 ലെ പ്രളയശേഷം കേരളത്തിന്റെ പുനസൃഷ്ടിക്കായുള്ള പ്രവർത്തനങ്ങൾ, ദുരന്തമുഖങ്ങളെ അഭിമുഖീകരിക്കേണ്ടി വരുമ്പോഴുള്ള മുന്നൊരുക്കങ്ങൾ എന്നിവയിൽ മാപത്തോൺ പ്രവർത്തനങ്ങളുടെ ഫലം പ്രയോജനപ്പെടുമെന്ന് അനുമോദനം അർപ്പിച്ച് സംസാരിച്ച റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ഡെപ്യൂട്ടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കെ. മുഹമ്മദ് വൈ. സഫിറുള്ള ഐ.എ.എസ്. അഭിപ്രായപ്പെട്ടു. ശാസ്ത്രീയ മാർഗങ്ങളിലൂടെ നടത്തിയ മാപിംഗ് ജലവിഭവ മേഖലയിൽ മാത്രമല്ല പൊതുവെ ഇത്തരം പ്രവർത്തനങ്ങൾക്ക് മാർഗ്ഗദർശകമാവുമെന്നും അദ്ദേഹം വ്യക്തമാക്കി.

ദുർഘടമായ വഴികളും കാടും മേടും കുന്നും മലയും പുഴയും താണ്ടി ഉരഗ-വന്യമൃഗ ഭീതിയും നേരിട്ട് ശ്രമകരമായ ദൗത്യമായിരുന്നു മാപത്തോൺ പ്രവർത്തനങ്ങളെന്ന് ഇതിൽ പങ്കെടുത്തവർ അനുഭവം പങ്കുവച്ചു. റീബിൽഡ് കേരള ഇനിഷ്യേറ്റീവ്, ഐ.ടി. മിഷനു കീഴിൽ പ്രവർത്തിക്കുന്ന ICFOSS എന്നിവരുടെ സാങ്കേതിക സഹകരണത്തോടെയാണ് സംസ്ഥാനത്ത് മാപത്തോൺ പ്രവർത്തനം നടന്നത്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് അഡീഷണൽ സെക്രട്ടറി സുനിൽ കുമാർ, നവകേരളം കർമപദ്ധതി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഇന്ദു എസ്., അസി. കോർഡിനേറ്റർ ടി.പി. സുധാകരൻ, ജല ഉപമിഷൻ അസി. കോർഡിനേറ്റർ എബ്രഹാം കോശി, പ്രോഗ്രാം ഓഫീസർമാരായ ആർ.വി. സതീഷ്, വി. രാജേന്ദ്രൻ നായർ, ICFOSS മുൻ മേധാവി അരുൺ കുമാർ തുടങ്ങിയവർ സംസാരിച്ചു. വിവിധ ജില്ലകളിൽ നിന്നും മാപത്തോണിൽ പങ്കെടുത്തവർ, ഹരിതകേരളം മിഷൻ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# എ.എം.ആർ. കമ്മിറ്റികൾക്ക് പ്രവർത്തന മാർഗരേഖ

ആന്റിബയോട്ടിക്കുകളുടെ അനാവശ്യവും അശാസ്ത്രീയവുമായ ഉപയോഗം തടയാൻ ജില്ലാതല എ.എം.ആർ. (ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ്) കമ്മിറ്റികൾക്കുള്ള പ്രവർത്തന മാർഗരേഖ പുറത്തിറക്കി. ആന്റിബയോട്ടിക്കുകളുടെ അശാസ്ത്രീയമായ ഉപയോഗം കാരണം 2050 ആകുമ്പോഴേക്കും ലോകത്ത് ഒരു കോടി ആളുകൾ ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് കൊണ്ട് മരണമടയും എന്നാണ് ലോകാരോഗ്യ സംഘടന കണക്കാക്കിയിരിക്കുന്നത്. ഇത് മുന്നിൽകണ്ട് സംസ്ഥാന ആരോഗ്യ വകുപ്പ് രാജ്യത്തിന് മാതൃകയായ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. രാജ്യത്ത് ആദ്യമായി സംസ്ഥാനതല ആന്റിബയോഗ്രാമും ജില്ലാതല ആന്റിബയോഗ്രാമും പുറത്തിറക്കി. രാജ്യത്ത് ആദ്യമായി എല്ലാ ജില്ലകളിലും ബ്ലോക്കുകളിലും എ.എം.ആർ കമ്മിറ്റികൾ രൂപീകരിച്ചു. കൂടുതൽ ആശുപത്രികളെ കാർസ്നെറ്റ് ശൃംഖലയിലേക്കും ആന്റിബയോട്ടിക് സ്മാർട്ടിലേക്കും മാറ്റിയിട്ടുണ്ട്.



# നെറ്റ് സീറോ കാർബൺ കേരളം; സസ്യ വൈവിധ്യ സർവേ പൂർത്തിയായി

കണ്ണൂർ മുഴക്കുന്ന് പഞ്ചായത്തിലെ നാല് വാർഡുകളിലായി ബാവലി,പാലപ്പുഴ കരയിൽ ഉള്ള 136 ഏക്കർ നവകേരളം പച്ചത്തുരുത്തിലെ സസ്യവൈവിധ്യ സർവേ പൂർത്തിയായി. നെറ്റ് സീറോ കാർബൺ പദ്ധതിയിൽ ഉൾപ്പെടുത്തി ജൈവ വൈവിധ്യ ബോർഡിന്റെ സഹായത്താൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിലാണ് മൂന്ന് മാസമായി നടന്നുവരുന്ന മരങ്ങളുടെയും, കുറ്റിചെടികളുടെയും, വള്ളികളുടെയും കണക്ക് എടുപ്പാണ് തിങ്കളാഴ്ച പൂർത്തിയായത്.

190 ഇനങ്ങളിലായി 27200 മരങ്ങളും,9520 കുറ്റിചെടികളും,5440 വള്ളികളും സർവേയിൽ കണ്ടെത്തി. പശ്ചിമഘട്ടത്തിൽ മാത്രം കണ്ടുവരുന്നതും അപൂർവമായതുമായ വെള്ളപ്പയിൻ, മോതിരക്കാഞ്ഞിരം, കാശാവ്, നീർമാതളം, ഇരുമുള്ളി, വാതംകൊല്ലി മരം, നീർക്കുരുണ്ട, ചെറുപുന്ന, ചേടാരം, ചീറ് വള്ളി, വള്ളി മന്ദാരം, പൂമാലക്കുറിഞ്ഞി, മരച്ചെക്കി, കീഴ്ക്കൊലച്ചെക്കി, ആറ്റുകടമ്പ്, കടമ്പ്, മരോട്ടി, കാട്ടശോകം, നായുരിപ്പ്, ഉരിപ്പ് തുടങ്ങിയ 20 ഇനം സസ്യ വൈവിധ്യങ്ങൾ ഇവിടെ കണ്ടെത്താൻ കഴിഞ്ഞു. ഇവ കൂടാതെ അയ്യപ്പൻകാവ് ഭാഗത്ത് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നാല് വർഷമായി പരിപാലിച്ചുവരുന്ന ഏഴ് ഏക്കർ പച്ചത്തുരുത്തിൽ 107 ഇനങ്ങളിലായി 3000 മരങ്ങൾ നട്ടുവളർത്തിയിട്ടുമുണ്ട്.

കണിച്ചാർ പഞ്ചായത്ത് അതിർത്തിയിലെ കാഞ്ഞിരപ്പുഴ സന്ധിക്കുന്ന ഇടം മുതൽ ഇരിട്ടി നഗരസഭയോട് ചേർന്നുള്ള പായംമുക്ക് വരേയുള്ള ഭാഗത്താണ് ജൈവ വൈവിധ്യ വിദഗ്ധൻ വി സി ബാലകൃഷ്ണന്റെ നേതൃത്വത്തിൽ ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ നിഷാദ് മണത്തണ,എടത്തൊട്ടി ഡീപ്പോൾ കോളേജ് ഗ്രീൻ ബ്രിഗേഡ്, എൻഎസ്എസ് വിദ്യാർത്ഥികൾ എന്നിവർ ചേർന്നാണ് സസ്യവൈവിധ്യ സർവേ പൂർത്തിയാക്കിയത്.

# ഫറോക്ക് നഗരസഭയിൽ ജലബജറ്റ് പ്രകാശനം ചെയ്തു

മഴവെള്ള സംഭരണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകി പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് ജല വിനിയോഗം കണക്കാക്കികൊണ്ട് കോഴിക്കോട് ഫറോക്ക് നഗരസഭയിൽ തയ്യാറാക്കിയ ജലബജറ്റ് റിപ്പോർട്ട് പ്രകാശനം ചെയ്തു. മഴവെള്ള സംഭരണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുമെന്നു ഫറോക്ക് നഗരസഭ ചെയർമാൻ  എൻ.സി. അബ്ദുൾ റസാക്ക് പറഞ്ഞു.



ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജലവിഭവ വികസന മന്ത്രാലയത്തിന്റെയും ജലസേചന വകുപ്പിന്റെയും സാങ്കേതിക പിന്തുണയോടെ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നടപ്പാക്കുന്ന പ്രവർത്തനമാണ് ജലബജറ്റ്. ഒരു പ്രദേശത്തിന്റെ വാർഷിക മഴ ലഭ്യതയും വിവിധതരത്തിലുള്ള ജല ആവശ്യങ്ങളും നഗരസഭയ്ക്ക് അകത്തേക്ക് വിതരണം ചെയ്യപ്പെടുന്ന കുടിവെള്ളത്തിന്റെ അളവും കണക്കാക്കി താരതമ്യം ചെയ്തു അന്തരം കാണുന്നതിലൂടെ ജലക്ഷാമം കണ്ടെത്തുകയാണ് ചെയ്യുന്നത്. ജല ബജറ്റ് തയ്യാറാക്കുമ്പോൾ നഷ്ടപ്പെട്ടുപോകുന്ന മഴവെള്ളത്തെ സംഭരിച്ച് ഭൂഗർഭജലത്തിന്റെ അളവ് വർദ്ധിപ്പിച്ച് വരുംകാലങ്ങളിൽ ജലസ്വയം പര്യാപ്തത കൈവരിക്കാനുള്ള പ്രവർത്തനങ്ങൾ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് നഗരസഭയിൽ നടപ്പിലാക്കും. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ പി.ടി. പ്രസാദ് ജലബജറ്റിന്റെ പ്രാധാന്യത്തെക്കുറിച്ചും തുടർ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതിനെക്കുറിച്ചും ഉള്ള കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പദ്ധതി വിശദീകരിച്ചു.



# ഇരിട്ടി ഇക്കോ പാർക്ക് ഹരിത ടൂറിസം കേന്ദ്രമാവും

കണ്ണൂർ പായം ഗ്രാമപഞ്ചായത്തിലെ പെരുമ്പറമ്പിലുള്ള ഇരിട്ടി ഇക്കോപ്പാർക്ക് ഹരിത ടൂറിസത്തിലേക്കുള്ള അംഗീകാരം നേടുന്നതിനുള്ള സ്ഥാപനതല അവതരണം നടത്തി. വിനോദ സഞ്ചാര കേന്ദ്രങ്ങളും അവിടെക്കുള്ള വഴികളും ഹരിത പെരുമാറ്റ ചട്ടത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ ലക്ഷ്യമിട്ട് ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ഹരിത ടൂറിസം പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നതിന്റെ ഭാഗമായി പായം പെരുമ്പറമ്പ് ഇക്കോ പാർക്കും തെരഞ്ഞെടുക്കപ്പെടുന്നു. മാലിന്യ സംസ്കരണം, ശുദ്ധമായ കുടിവെള്ള ലഭ്യത, ജലസ്രോതസ്സുകളുടെ സംരക്ഷണം, ഊർജ്ജ സംരക്ഷണം, തുടങ്ങിയ വിവിധ ഘടകങ്ങൾ സംയോജിപ്പിച്ചു കൊണ്ടാണ് പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളത്. പ്രാദേശിക ജനങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും ജീവിത നിലവാരം ഉയർത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

ഇത്തരം കേന്ദ്രങ്ങളിൽ അവസ്ഥ പഠനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള ചർച്ചകൾ, അവതരണം നടത്തൽ, സാധ്യതകൾ, പരിമിതികൾ, നിലവിലെ പ്രശ്നങ്ങൾ, സ്ഥായിയായ പരിഹാര നടപടികൾ തുടങ്ങിയ വിവിധ ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് പഞ്ചായത്തിൽ നടപടികൾ സ്വീകരിക്കുന്നത്. ഒന്നാം ഘട്ടത്തിൽ അവസ്ഥാ പഠനം നടത്തി. രണ്ടാം ഘട്ട പ്രവർത്തനമായാണ് സ്ഥാപനതല അവതരണം നടത്തിയത്. ചടങ്ങ് പഞ്ചായത്ത് പ്രസിഡന്റ് പി. രജനി ഉദ്ഘാടനം ചെയ്തു.

## ജനകീയ തടയണ നിർമാണവുമായി കാരശേരി ഗ്രാമപഞ്ചായത്ത്

വരൾച്ചയെ ചെറുക്കുന്നതിനു ജനകീയ തടയണ നിർമ്മാണവുമായി കോഴിക്കോട് കാരശേരി ഗ്രാമപഞ്ചായത്ത്. പഞ്ചായത്തിലെ പ്രധാന ജല സ്രോതസായ ചെറുപുഴക്ക് കുറുകെ കാരമൂല തോട്ടകടവ് ഭാഗത്താണ് ഹരിതകേരളം മിഷന്റെയും മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും സഹായത്തോടെ താത്കാലിക മണൽ തടയണ നിർമിച്ചത്. എല്ലാ വർഷവും വേനൽകാലത്ത് പുഴയിലെ വെള്ളം കുറയാറുണ്ട് എങ്കിലും ഈ വർഷം വേനൽ നേരത്തെ കടുത്തതോടെ പുഴയിലെ നീരൊഴുക്ക് വളരെ കുറഞ്ഞു. ഈ സാഹചര്യത്തിലാണ് പഞ്ചായത്തിൽ ജല സാങ്കേതിക സമിതി യോഗം ചേരുകയും താത്കാലിക തടയണ നിർമിക്കാൻ തീരുമാനിക്കുകയും ചെയ്തത്. പരിപാടിയുടെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുനിത നിർവഹിച്ചു. വൈസ് പ്രസിഡന്റ് ജംഷീദ് ക്ഷേമ കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സത്യൻ, വാർഡ് മെമ്പർ ശാന്ത, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എ.ഇ. ഷാഫി, ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ രാജേഷ് തുടങ്ങിയവർ സംസാരിച്ചു. തൊഴിലുറപ്പ് തൊഴിലാളികൾ, ഹരിത കർമസേന അംഗങ്ങൾ, പ്രദേശവാസികൾ തുടങ്ങിയവർ പങ്കെടുത്തു.



Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer; Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01
Website : https://nkp.kerala.gov.in